ഉപഹാരം ഏറ്റുവാങ്ങുന്നു, മൂന്നു വർഷത്തിനുശേഷം. പിന്നീട് ഉപരി പഠനം. ഉദ്യോഗം എന്താ, നമ്പൂതിരിക്ക് ആ പ്രിൻസിപ്പാലിനെയും ആ ക്രൈസ്തവസഭയെയും ആ സഭയുടെ കോളേജിനെയും സ്നേഹിച്ചുകൂടെ? നന്ദിയോടെ അനുസ്മരിച്ചുകൂടെ? ഇതുപോലെ ആയിരക്കണക്കിന് ഉദാഹരണങ്ങൾ നിരത്താനുണ്ട്.

റഷീദ് മില്ല് നടത്തുന്നു, നെല്ലിന്റെയും എള്ളിന്റെയും വ്യാപാരമുണ്ട്. ഒരു നമ്പൂതിരിയുടെ ഇല്ലത്തെ നെല്ല് റഷീദിന്റെ മില്ലിലാണ് കുത്തിക്കാൻ കൊണ്ടുപോകുന്നത്. നമ്പൂതിരിയുടെ ഇല്ലവും റഷീദും തമ്മിൽ നല്ല ബന്ധം. നമ്പൂതിരിയുടെ ഇല്ലത്തെ ഒരു വിദ്യാർത്ഥിക്ക് അടുത്ത ദിവസം പരീക്ഷാ ഫീസടയ്ക്കണം. ഫൈനോടുകൂടി അടയ്ക്കേണ്ട അവസാന ദിവസമാണ്. യാതൊരു മാർഗവും കാണാതെ കാരണവർ അങ്ങനെ ഇരിക്കുമ്പോഴാണ് റഷീദിന്റെ ആകസ്മികമായ വരവ്. നെല്ല് വിൽക്കാനുണ്ടോ എന്നറിയാനാണ് റഷീദിന്റെ വരവ്. കാരണവർ റഷീദിനോട് കിഴക്കേ പാടത്തെ നെല്ല് വിളഞ്ഞിട്ടേയുള്ളൂ എന്ന വിവരം പറഞ്ഞു. ഒരാഴ്ചയ്ക്കുള്ളിൽ നാല്പത് പറ നെല്ല് കൊടുക്കാൻ സാധിക്കുമെന്നും പറഞ്ഞു. അതോടൊപ്പം പാടത്തെ നെല്ല് കാണിച്ച് റഷീദിനോട് മകന്റെ ഫീസ് കൊടുക്കാൻ ദിവസമായിരിക്കുന്നു എന്ന കാര്യവും സൂചിപ്പിച്ചു. റഷീദ് ഒട്ടും മടിച്ചില്ല. കാരണവർക്ക് ആവശ്യമുള്ളതിൽ കൂടുതൽ തുക നൽകി റഷീദ് സ്ഥലം വിട്ടു. കാരണവർ മകന്റെ പരീക്ഷാ ഫീസ് സമയത്തിനടയ്ക്കാൻ സഹായിച്ച റഷീദിനെ സ്നേഹിക്കുന്നതിലെന്താണ് തെറ്റ്? റഷീദ് മനുഷ്യനായിട്ടല്ല ദൈവമായിട്ടാണ് കാരണവരുടെ മുന്നിലെത്തിയത്. മുസ്ലിമായ റഷീദിനെ കാരണവരും അദ്ദേഹത്തിന്റെ മകൻ നമ്പൂതിരിയും സ്നേഹവായ്പോടെ അനുസമ്രിക്കുന്നു. അതിലെന്താണ് തെറ്റ്? ഇതുപോലെയുള്ള ഉദാഹരണങ്ങൾ ധാരാളം.

ജീവിതത്തിന്റെ മുൻനിരയിലേക്ക് എത്താൻ അന്ന് റഷീദ് നൽകിയ പണം ഉപകരിച്ചില്ലേ?

അതുകൊണ്ട് പള്ളിമണികൾ മുഴങ്ങുന്നു, ക്ഷേത്ര മണിമുഴങ്ങുന്നു, വാങ്ക് വിളി മുഴങ്ങുന്നു എന്നൊന്നും പറഞ്ഞാൽ പേടിക്കുന്ന ഒരു സമൂഹമല്ലാ കേരളത്തിലുള്ളതെന്ന് എല്ലാവരും ഓർത്തിരിക്കുന്നത് നന്ന്. ■

# ഇട്ടിക്കോരയും വിക്കും

## 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന എന്റെ നോവലിനെ അധിക്ഷേപിക്കാനും താഴ്ത്തിക്കെട്ടാനും മാത്രം ശ്രമിക്കുന്ന കെ.എം. പ്രമോദിന്റെ ലേഖനം (സമകാലിക മലയാളം, മെയ് - 7) ബാലിശവും സഹതാപാർഹവുമാണ്

**■ ടി.ഡി. രാമകൃഷ്ണൻ**

*വിക്ക് വൈകല്യമല്ല,*
*ഒരു സംസാരരീതിയാണ്*
*-സച്ചിദാനന്ദൻ*

'ഫ്രാൻസിസ് ഇട്ടിക്കോര' ലോകോത്തര സാഹിത്യമാണെന്നോ വിമർശനങ്ങൾക്ക് അതീതമാണെന്നോ കരുതുന്ന വിഡ്ഢിയല്ല ഞാൻ. എന്നാൽ അങ്ങനെ വിമർശിക്കുമ്പോൾ കൃതിയുടെ പ്രമേയം, ഘടന, പ്രത്യയശാസ്ത്രപരിസരം എന്നിവയെ സമഗ്രമായി വിലയിരുത്തി കൃത്യമായ വിയോജിപ്പുകൾ മുന്നോട്ടു വയ്ക്കുന്നതാണ് സർഗ്ഗാത്മകമായ സംവാദത്തിന്റെ മാന്യത. അല്ലാതെ ആരുടേയെങ്കിലും പ്രതിപുരുഷനായി, ചില രഹസ്യ അജണ്ടകൾ ഉള്ളിൽ വച്ചുകൊണ്ട് (തീർച്ചയായും ഞാൻ അങ്ങിനെതന്നെയാണ് വിശ്വസിക്കുന്നത്..) വ്യക്തിപരമായി തേജോവധം ചെയ്യാനും, 'ഫ്രാൻസിസ് ഇട്ടിക്കോര' വിക്കിപീഡിയയിലെ ഏതാനും ലേഖനങ്ങൾ വെറുതെ പകർത്തിയെഴുതിയതാണെന്ന് വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനും ശ്രമിക്കുന്ന തരത്തിലാകരുത്.

2008 ജൂലായ് 14 മുതൽ ഖണ്ഡശയായി പ്രസിദ്ധീകരിച്ചു തുടങ്ങിയ 'ഫ്രാൻസിസ് ഇട്ടിക്കോര' ആഷാ മേനോന്റെ അവതാരികയുടെ ആനപ്പുറത്ത് കയറിയല്ല മലയാളി വായനക്കാരുടെ മുന്നിലേക്കെത്തിയത്. പിന്നീട് ഡി.സി. ബുക്സ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചപ്പോഴാണ് ആഷാ മേനോൻ അവതാരികയെഴുതിയത്. അതിൽതന്നെ അദ്ദേഹം തന്റെ വിയോജിപ്പുകൾ സൂചിപ്പിച്ചുകൊണ്ട് ഇട്ടിക്കോരയുടെ താത്വിക പരിപ്രേക്ഷ്യത്തെ പ്രശ്നവൽക്കരിക്കുകയാണ് ചെയ്തത്. അതിനുശേഷം വിവിധ പ്രസിദ്ധീകരണങ്ങളിലായി വന്ന നിരൂപണങ്ങൾ യോജിക്കേണ്ട സ്ഥലങ്ങളിൽ യോജിക്കുകയും വിയോജിക്കേണ്ടയിടങ്ങളിൽ വിയോജിക്കുകയും ചെയ്തുകൊണ്ട് ഈ നോവൽ മുന്നോട്ട് വയ്ക്കുന്ന പുതിയ ഭാവുകത്വത്തെ തിരിച്ചറിയാൻ ശ്രമിക്കുകയായിരുന്നു. അല്ലാതെ വെറുതെ തലോടുകയോ പുകഴ്ത്തുകയോ ആയിരുന്നില്ല. ചിലർ പ്രത്യേക കാരണമൊന്നും ഉന്നയിക്കാതെ ആക്ഷേപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇട്ടിക്കോര ആവേശത്തോ

ടെ വായിച്ച മലയാളി വായനക്കാരാണ് ഈ നോവലിനെ വിജയിപ്പിച്ചതും ചുരുങ്ങിയ കാലത്തിനുള്ളിൽ മൂന്നും നാലും പതിപ്പുകളിലേക്കെത്തിച്ചതും.

അവതാരികയുടേയും റിവ്യൂകളുടേയും പിൻബലം കൊണ്ട് മാത്രമാണ് ഈ കൃതി ആഘോഷിക്കപ്പെടുന്നതെന്ന ആക്ഷേപം പ്രബുദ്ധരായ മലയാളി വായനക്കാരുടെ ഭാവുകത്വത്തെയാണ് പരിഹസിക്കുന്നത്. ഇട്ടിക്കോരയെ വായനക്കാർ സന്തോഷത്തോടെ സ്വീകരിക്കുന്നതിൽ അസൂയാലുക്കളായ ചിലർ വളരെ ആസൂത്രിതമായി സംഘടിപ്പിച്ചിട്ടുള്ള ഒരു പ്രചാരണത്തിന്റെ ഭാഗമാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ള ഈ വിക്കി വിക്കി ലേഖനം എന്നാണ് ഞാൻ സംശയിക്കുന്നത്.

## അപഹാസ്യമായ ആക്ഷേപങ്ങൾ

ആഗോള കച്ചവട മുതലാളിത്തത്തിന്റെ ക്രൂരവും ഭീകരവുമായ പൈശാചികതയെ തുറന്നുകാട്ടി വായനക്കാരനെ ഒരു ബൗദ്ധിക സംവാദത്തിലേക്ക് നയിക്കാൻ ശ്രമിക്കുന്ന ഇട്ടിക്കോരയുടെ പ്രത്യയശാസ്ത്ര പരിസരങ്ങളിൽ തൊടാൻ മിനക്കെടാതെ വെറുതെ വിക്കി വിക്കി എന്ന് പുലമ്പിക്കൊണ്ടിരിക്കുന്ന ലേഖകന് ഈ നോവൽ മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയമോ അതിലൂടെ ലക്ഷ്യമാക്കുന്ന സംവാദത്തിന്റെ സാധ്യതകളോ തീരെ പിടികിട്ടിയിട്ടില്ലെന്നാണ് തോന്നുന്നത്. മരിച്ചുപോയവരുടേയോ ജീവിച്ചിരിക്കുന്നവരുടേയോ ജീവചരിത്രമെഴുതുകയോ ചരിത്രത്തിന്റേയും സാഹിത്യത്തിന്റേയും അംഗീകൃത ചട്ടക്കൂടിലൊതുങ്ങി നിന്നുകൊണ്ട് ചരിത്രസംഭവങ്ങൾ വ്യാഖ്യാനിക്കാൻ ശ്രമിക്കുകയോ അല്ല ഇട്ടിക്കോര എന്ന നോവലിലൂടെ ലക്ഷ്യമാക്കുന്നത്. അതുകൊണ്ടു തന്നെയാണ് 'ഇത് ചരിത്രമല്ല' എന്ന് പറഞ്ഞു കൊണ്ട് നോവൽ തുടങ്ങുന്നത്. വായനയെ മറ്റൊരു മാധ്യമത്തിനും പകരം വയ്ക്കാനാവാത്ത തീക്ഷ്ണമായ ചിന്തകളും ആഘോഷവും നിറഞ്ഞ ഒരു തീവ്ര അനുഭവമാക്കി മാറ്റാനാണ് ഇട്ടിക്കോരയിൽ ശ്രമിക്കുന്നത്. വിവര സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടത്തിൽ വായന അപ്രസക്തമായി പ്പോകുന്ന ഈ കാലത്ത് സാഹിത്യം അത്തരത്തിൽ പുനർനവീകരിക്കപ്പെടേണ്ടതുണ്ട് എന്നാണ് എന്റെ വിശ്വസം. സാഹിത്യത്തിലെ ഭാവുകത്വപരമായ ഈ പുനർനവീകരണത്തെ തിരിച്ചറിയാൻ തയ്യാറാകാതെ പാരമ്പര്യ മൂല്യബോധത്തിന്റെ തടവുകാരനായി, ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്തു, കലാപരമായി പരാജയപ്പെട്ടു, മഹാന്മാരെ അപമാനിച്ചു, വിക്കിപീഡിയയിൽ നിന്ന് വിവർത്തനം ചെയ്ത് ചേർത്തു എന്നൊക്കെ ആരോപിക്കുന്ന വിമർശകൻ കാലോചിതമായി തന്റെ ചിന്തകൾ പുനർനവീകരിക്കേണ്ടിയിരിക്കുന്നു.

ഇട്ടിക്കോരയിൽ ചരിത്രത്തെ തിരുത്തിയെഴുതാൻ ശ്രമിക്കുന്നത് ഒരു രസത്തിന് വേണ്ടിയല്ല. അംഗീകൃത ചരിത്രത്തിന്റെ ആധികാരികതയെ ചോദ്യം ചെയ്യാനും അതിന്റെ പൊള്ളത്തരത്തെ തുറന്നു കാട്ടാനുമാണ്. സമാന ചിന്താഗതിയുള്ള ഒരു സഹ എഴുത്തുകാരനെ ഉദ്ധരിച്ചു എന്നല്ലാതെ ഇക്കാര്യത്തിൽ ഉമ്പർട്ടോ എക്കോയുടെ പേരിലൊരു ജാമ്യമെടുക്കേണ്ട ആവശ്യമൊന്നും എനിക്കില്ല. മാത്രമല്ല ഒരു എഴുത്തുകാരനെന്ന നിലയിൽ ഇക്കാര്യത്തിൽ ഉമ്പർട്ടോ എക്കോയ്ക്കും റുഷ്ദിക്കും പാമുക്കിനുമൊക്കെയുള്ള അവകാശം എനിക്കുമുണ്ടെന്നാണ് ഞാൻ കരുതുന്നത്. എക്കോയെപ്പോലുള്ള 'ഗജ'ങ്ങളുടെ മുന്നിൽ എന്നെ വെറുമൊരു 'അജ'മാക്കി, സി.വി. രാമൻ പിള്ള മുതൽ ടി.പി. രാജീവൻ വരെയുള്ള അതിപ്രഗത്ഭർ കൈയടക്കത്തോടെ നടത്തിയ ചരിത്രത്തിലെ ഇടപെടലുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ കൃതി കലാപരമായി പരാജയപ്പെട്ടു എന്നാക്ഷേപിക്കുന്ന ലേഖകൻ അത് സമർത്ഥിക്കാൻ വേണ്ട ന്യായങ്ങളായിരുന്നു മുന്നോട്ട് വയ്ക്കേണ്ടിയിരുന്നത്. എന്നാൽ അതിന് തയ്യാറാകാതെ താനുന്നയിച്ച വാദത്തിൽ നിന്ന് അപഹാസ്യമായി വഴുതി മാറി ഇട്ടിക്കോര മുഴുവൻ വിക്കിപീഡിയ വിവർത്തനങ്ങളാണെന്ന തരംതാണ ആരോപണമുന്നയിക്കുകയാണ്. വിക്കിപീഡിയ ഒരു ഓൺലൈൻ എൻസൈക്ലോപീഡിയ മാത്രമാണെന്നും മിക്കവാറും ഏത് വിഷയത്തെക്കുറിച്ചും അതിൽ കുറിപ്പുകളുണ്ടാകുമെന്നും ഇന്റർനെറ്റ് ഉപയോഗിക്കുന്നവർക്കെല്ലാം അതിൽ കയറി നോക്കാമെന്നുമൊക്കെ ആർക്കുമറിയാവുന്ന കാര്യങ്ങളാണ്.

ഇട്ടിക്കോരയുടെ രചനയിൽ വിക്കിപീഡിയ മാത്രമല്ല ജീവിതകാലം മുഴുവൻ ഞാനാർജ്ജിച്ച അറിവിന്റെ സമസ്ത സാധ്യതകളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കേട്ട കഥകൾ, വായിച്ച പുസ്തകങ്ങൾ, സിനിമകൾ, പാട്ടുകൾ, പത്രവാർത്തകൾ, ടെലിവിഷൻ, ഇന്റർനെറ്റ്, ആയിരക്കണക്കിന് വ്യക്തികളിൽ നിന്ന് കിട്ടിയ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള നിരവധി കാര്യങ്ങൾ എന്നിവയെല്ലാം. ഒരു എഴുത്തുകാരനെന്ന നിലയിൽ ഡിക്ഷ്ണറികൾ മുതൽ വിശ്വവിജ്ഞാനകോശം വരെയുള്ള റഫറൻസ് ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം വിക്കിപീഡിയ പോലെയുള്ള ഓൺലൈൻ എൻസൈക്ലോപീഡിയകളും ഉപയോഗിക്കാറുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വായനശാലയായ ഇന്റർനെറ്റ് ഉപയോഗിക്കുന്നത് ഒരു തെറ്റായ കാര്യമാണെന്നോ വിക്കിപീഡിയ അയിത്തം കല്പിച്ച് മാറ്റി നിർത്തേണ്ടതാണെന്നോ എനിക്കൊരിക്കലും തോന്നിയിട്ടില്ല. വിക്കിപീഡിയ മാത്രമല്ല ഗൂഗിൾ എർത്തുൾപ്പടെ ഇന്റർനെറ്റുപയോഗിച്ച് കാര്യങ്ങളറിയാനുള്ള മറ്റ് പല സാധ്യതകളും ഈ നോവലിന്റെ രചനയിൽ ഉപയോഗിച്ചിട്ടുണ്ട്. കാറൽ മാർക്സ് ആഗോള മുതലാളിത്തത്തിനെതിരെയുള്ള ഏറ്റവും ശക്തമായ ഗ്രന്ഥം രചിച്ചത് ബ്രിട്ടീഷ് ലൈബ്രറിയിലെ പുസ്തകങ്ങൾ ഉപയോഗിച്ചിട്ടല്ലേ എന്ന് ആരും ഇതുവരെ ആക്ഷേപിച്ച് കേട്ടിട്ടില്ല.

ഇട്ടിക്കോരയിൽ ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള സ്ഥലങ്ങൾ, ജീവിച്ചിരുന്നവരും ജീവിച്ചിരിക്കുന്നവരുമായ നിരവധി വ്യക്തികൾ, പ്രസ്ഥാനങ്ങൾ, പല കാലഘട്ടങ്ങളിലായി നടന്ന നിരവധി ചരിത്ര സംഭവങ്ങൾ എന്നിവയെക്കുറിച്ചൊക്കെ പരാമർശിക്കുമ്പോൾ വസ്തുതാപരമായ കൃത്യതയ്ക്കായി പലതരം റഫറൻസുകൾ ഉപയോഗപ്പെടുത്തേണ്ടി വരും. സ്വാഭാവികമായും നോവലിലെ ഇത്തരം വസ്തുതാപരമായ കാര്യങ്ങൾ വിക്കിപീഡിയ പോലെയുള്ള ഓൺ ലൈൻ എൻസൈക്ലോപീഡിയകളിലും കാണും. ഇത് വാസ്തവത്തിൽ ഫിക്ഷന്റെ ആധികാരികത വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. തുപാക് അമറു പ്രസ്ഥാനത്തെക്കുറിച്ചായാലും ഗ്രോഥന്റീകിനെക്കുറിച്ചായാലും അടിസ്ഥാനപരമായ വസ്തുതകൾ നോവലിലും വിക്കിപീഡിയയിലും മറ്റ് വൈജ്ഞാനികഗ്രന്ഥങ്ങളിലായാലും സമാനമായിരിക്കും. എന്നാൽ നോവലൊരു ഗവേഷണപ്രബന്ധമല്ലാത്തതു




കൊണ്ട് ഫിക്ഷന്റെ സാധ്യതയ്ക്കായി ആ വസ്തുതകളെ പല തരത്തിൽ വികസിപ്പിച്ചെടുക്കുകയാണ്. ഇതെല്ലാം ഇട്ടിക്കോര വായിക്കുന്നവർക്ക് വളരെ വ്യക്തമായി മനസ്സിലാക്കാവുന്ന കാര്യങ്ങളാണ്.

ഇന്റർനെറ്റ് ഉപയോഗിക്കാത്തവരോ വിക്കിപീഡിയയെപ്പറ്റി അറിയാത്തവരോ അല്ല ഇട്ടിക്കോര വായിച്ചാസ്വദിച്ച വായനക്കാരും ഇട്ടിക്കോരക്ക് റിവ്യൂ എഴുതിയ നിരൂപകരും. യുക്തിയും ഭാവനയുമുപയോഗിച്ച് വസ്തുതാപരമായി വിവരങ്ങൾക്ക് മുകളിൽ വ്യത്യസ്ത കാലഘട്ടങ്ങളിലും ദേശങ്ങളിലുമായി പടർന്ന് പന്തലിക്കുന്ന ഒരു കഥ പൊലിപ്പിച്ചെടുത്തതുകാരണമാണ് ഈ നോവൽ വായനക്കാർ സ്വീകരിച്ചത്. കുന്നംകുളം എന്ന കച്ചവട പട്ടണത്തിന്റെ പശ്ചാത്തലത്തിലുള്ള മിത്തുകളിൽ നിന്ന് ആഗോള വാണിജ്യ സംസ്കാരത്തിന്റെ ഹൃദയശൂന്യമായ പ്രവർത്തനപദ്ധതികളിലേക്ക് നീളുന്ന നോവലിന്റെ കഥാഘടനയെക്കുറിച്ചോ സമകാലിക കേരളീയ സമൂഹത്തിലെ സാംസ്കാരിക മൂല്യബോധങ്ങളിൽ വരുന്ന മാറ്റങ്ങളെ പ്രശ്നവൽക്കരിക്കുന്നതിനെക്കുറിച്ചോ ആഗോള രാഷ്ട്രീയത്തിലേയും മറ്റ് ജ്ഞാന മേഖലകളിലേയും സമകാലിക സംവാദങ്ങളിൽ ഇടപെടുന്നതിനെക്കുറിച്ചോ ഒരക്ഷരം മിണ്ടാതെ ഈ നോവൽ ഏതാണ്ട് പൂർണ്ണമായും വിക്കിപീഡിയ ലേഖനങ്ങളുടെ വിവർത്തനമാണെന്ന മട്ടിൽ പരിഹസിക്കുന്ന ലേഖകൻ വായനക്കാരെ മനപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. വളരെക്കാലമായി ആ ഗോള രാഷ്ട്രീയത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയും വിപ്ലവ പ്രസ്ഥാനങ്ങളും പ്രത്യയശാസ്ത്രങ്ങളും നേരിടുന്ന പ്രായോഗിക / ദാർശനിക പ്രതിസന്ധികളെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന എനിക്ക് തുപാകുകളും ഫുജുമോറിയും സാൽവദോർ ഓപ്പഷനും ഫലൂജയുമൊക്കെ വെറുതെ വിക്കിപീഡിയയിൽ നിന്ന് തോണ്ടിയെടുക്കുന്ന ചില വിവരങ്ങളല്ല. അവയ്ക്ക് പിന്നിൽ മനുഷ്യസമൂഹം എല്ലാക്കാലത്തും നേരിടുന്ന അധികാരത്തിന്റെ ഹിംസാത്മകതയും അതിനെതിരേയുള്ള പ്രതിരോധവും ആയി ബന്ധപ്പെടുന്ന ഒരു രാഷ്ട്രീയ പരിപ്രേക്ഷ്യമുണ്ട്. അത് മനുഷ്യവംശം നേരിടുന്ന ദാർശനിക പ്രതിസന്ധിയാണ്.

## ചരിത്രത്തിലെ സാദ്ധ്യതകൾ

തൊണ്ണൂറുകളുടെ തുടക്കത്തിൽ ചോദ്യം ചെയ്യാനാവാത്തവിധം കരുത്താർജ്ജിക്കുകയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ലോകത്തെ മൊത്തമായി തന്റെ കാൽക്കീഴിലിട്ട് ചവിട്ടിമെതിക്കുകയും ചെയ്യുന്ന ആഗോള കമ്പോള സംസ്കാരത്തിന്റെ ഹിംസാത്മകതയുടെ വിജയ രഹസ്യം മനുഷ്യന്റെ ഒടുങ്ങാത്ത ആർത്തിയും സ്വാർത്ഥതയുമാണെന്ന തിരിച്ചറിവിൽ നിന്നാണ് ഇട്ടിക്കോരയെന്ന നോവലുണ്ടാകുന്നത്. ഈ നോവൽ മുന്നോട്ടു വയ്ക്കുന്നത് പ്രതിലോമ രാഷ്ട്രീയമാണെന്നാരോപിച്ച് അതിനെക്കുറിച്ചുള്ള വാദമുഖങ്ങളൊന്നും അവതരിപ്പിക്കാതെ വഴുതി മാറുന്ന ലേഖകൻ സാഹിത്യത്തെ ഗൗരവമായി എടുക്കുന്ന എഴുത്തുകാർ മുദ്രാവാക്യരൂപത്തിലല്ല രാഷ്ട്രീയ ഇടപെടലുകൾ നടത്തുന്നിന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു.

ഏതാണ്ട് ഇതുപോലെ തന്നെയാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ കാര്യവും. ഇതിൽ കേരളത്തിന് മഹത്തായൊരു പാരമ്പര്യമുണ്ട്. ജോർജ് ഗിവർഗീസ് ജോസഫിന്റെ 'ക്രസ്റ്റ് ഓഫ് ദ പീക്കോക്ക്' വായിച്ചാൽ സംഗതി ഡോ. ഗോപാലകൃഷ്ണന്റെ പ്രഭാഷണം പോലെ അത്ര ബാലിശമല്ലെന്ന് ലേഖകന് മനസ്സിലാകും. എന്നാൽ ഇക്കാര്യത്തിൽ എനിക്ക് ചില്ലറ വിയോജിപ്പുകളുണ്ട്. യാഗം നടത്തുന്ന സോമയാജിമാരേക്കാൾ കച്ചവടക്കാർക്കും കപ്പലോട്ടക്കാർക്കും തച്ചന്മാർക്കുമൊക്കെയാണ് കണക്കുകൊണ്ട് ആവശ്യമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് ഗണിതത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള സംവാദം ഈ നോവലിന്റെ ഭാഗമാകുന്നത്. സ്വാഭാവികമായും ഹൈപേഷ്യയും എയർദോഷും ഗ്രോഥെന്റിക്കും ഗാലോയിസും താനിയാമയും മാധവാചാര്യരും ജി.ജി. ജോസഫുമെല്ലാം അതിന്റെ ഭാഗമാകുന്നു.

യാഥാർത്ഥ്യവും ഭാവനയും ചേർത്ത് പറയുന്ന കഥയെ കഥയായി കണക്കാക്കാതെ ജീവചരിത്രമെന്ന നിലയിൽ കണക്കാക്കിയാണ് അതിനെതിരെ ലേഖകൻ ആരോപണങ്ങളുന്നയിക്കുന്നത്. ഇട്ടിക്കോര എന്ന നോവൽ യാഥാർത്ഥ്യങ്ങളിലൂന്നി നിന്നുകൊണ്ട് ചരിത്രത്തിലെ നിരവധി സാധ്യതകളാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതെല്ലാം എന്റെ മാത്രം കണ്ടുപിടുത്തങ്ങളാണെന്നോ മറ്റാരും ഇത്തരം വാദഗതികളുന്നയിച്ചിട്ടില്ലെന്നോ ഇതിനർത്ഥമില്ല. അത്തരത്തിലൊരു അവകാശവാദവും ഞാനൊരിടത്തും ഉന്നയിച്ചിട്ടില്ല. വളരെ വ്യത്യസ്തങ്ങളായ നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഈ നോവലിന്റെ വായനക്കാരിൽ ചിലർ അവരവർക്കിഷ്ടപ്പെട്ട കാര്യങ്ങളെടുത്തു പറഞ്ഞ് പ്രതികരിച്ചു എന്നതിനോട് ചേർത്ത് ലേഖകൻ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് മറുപടി പറയാൻ എന്റെ മാന്യത അനുവദിക്കുന്നില്ല. ഒരു സുന്ദരിയായ യുവതിയെ തനിക്ക് ലഭിക്കാതെ വരുമ്പോൾ അവൾ വ്യഭിചാരിണിയാണെന്ന് പറഞ്ഞുപരത്തുന്ന തരത്തിലുള്ള തരംതാണ ആരോപണങ്ങളും പരിഹാസവും നിറഞ്ഞ ഇട്ടിക്കോര വിമർശനത്തിലൂടെ മാന്യമായ സാഹിത്യസംവാദങ്ങൾക്ക് താൻ അന്യനും അശക്തനുമാണെന്ന് തെളിയിക്കുകയാണ് ലേഖകൻ. ■